## ശ്രദ്ധ ക്ഷണിക്കൽ

### 1. കേന്ദ്ര ഫണ്ട് പ്രയോജനപ്പെടുത്തൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നമ്മുടെയൊക്കെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന ഒരു വിഷയമാണ് ഞാൻ ഉന്നയിക്കാൻ പോകുന്നത്. ഇത് ഉന്നയിക്കാനുണ്ടായ കാരണം, 24.10.2016-ൽ ഞാൻ മുഖ്യമന്ത്രിയോട് നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചു. അദ്ദേഹം തന്ന മറുപടി, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പ്, പാലക്കാട് ജില്ലാപഞ്ചായത്ത്, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്നിവ ചേർന്ന് നടപ്പാക്കുന്ന ഒരു പദ്ധതിയും പിന്നെ ഫിഷറീസ് വകുപ്പിന്റെ ഒരു പദ്ധതിയുമടക്കം രണ്ടു പദ്ധതിക്കു മാത്രമാണ് രൂപം നൽകിയതെന്നാണ്. എത്ര ലാഘവത്തോടു കൂടിയാണ് ഈ പ്രശ്നം കൈകാര്യം ചെയ്തതെന്നാണ് എനിക്ക് പറയാനുള്ളത്. കേരള സ്റ്റേറ്റ് ആക്ഷൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് എന്നൊരു റിപ്പോർട്ട് 2014-ൽ സമർപ്പിച്ചിട്ടുണ്ട്. 1470 കോടി രൂപയുടെ പദ്ധതികളുണ്ടെങ്കിലേ അതിന് കുറേയെങ്കിലും ശമനം വരുത്താൻ സാധിക്കുവെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. അതുമാത്രമല്ല, കേരളത്തിൽ 10000 കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നുവെന്നാണ് കേന്ദ്ര മത്സ്യ ഗവേഷണകേന്ദ്രം

നൽകിയ റിപ്പോർട്ടിൽ പറയുന്നത്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കേരളത്തിന്റെ മീൻപാത്രം കാലിയാകുന്നുവെന്നുള്ളതാണ്. അത് വളരെ ഗൗരവമായി എടുക്കണ്ടേ? ഭൂമിയുടെ കാന്തികവലയത്തിൽ വിള്ളൽ, അതിന്റെ ഫലമായി ചൂട് കൂടാൻ പോകുന്നുവെന്ന് ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്. 2020 ആകുമ്പോഴേയ്ക്കും കൊച്ചിയിലെ പല പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിപ്പോകുമെന്നാണ് ഇതിലെ അവസാന റിപ്പോർട്ട്. ഞാൻ അതിലേയ്ക്ക് കൂടുതലായി പോകുന്നില്ല. നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ വളരെ ഗൗരവത്തോടെ ചെയ്യുന്നുണ്ടോ? ഒറീസ ഗവൺമെന്റ് ഏകദേശം നല്ലൊരു സംഖ്യ ഇതിനുണ്ടാക്കി, പ്രോജക്ട് തയ്യാറാക്കി ഫണ്ട് മേടിച്ചുകഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളും ഇതൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ ഇവിടെ യാതൊരു നടപടിയും സ്വീകരിച്ചില്ല. ചെറിയൊരു പ്രോജക്ട് കൊടുത്ത് ഒരു ഏകോപനവുമില്ല. ഇറിഗേഷൻ വകുപ്പ് ക്ലൈമറ്റ് ചെയ്ഞ്ചിനുവേണ്ടിനുവേണ്ടി ഫണ്ടിന് ശ്രമം നടത്തി. വകുപ്പുകൾ തമ്മിൽ ഒരു ഏകോപനം വേണ്ടേ? അതൊന്നും ഇവിടെ നടക്കുന്നില്ല. ഇതിനോടനുബന്ധിച്ച് ഞാൻ തന്നെ മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും കത്ത് കൊടുത്തു. ഗൗരവമായി നടപടിയുണ്ടാകാത്തതുകൊണ്ടാണ് ഇത് ഇവിടെ ഉന്നയിക്കാനുണ്ടായ കാരണം. കാലാവസ്ഥ വ്യതിയാനത്തിന്റെ പേരിൽ ബാധിക്കുന്നത് പാലക്കാട്, ആലപ്പുഴ, ഇടുക്കി, വയനാട്. എന്നീ നാലു

ജില്ലകളെയാണ്. അതിൽ ഏറ്റവും കൂടുതലായി ബാധിച്ചത് പാലക്കാടിനെയും ആലപ്പുഴയെയുമാണ്. പാലക്കാടിൽ ഇപ്രാവശ്യമുണ്ടായ സംഭവമെന്താണ്. നെൽകൃഷിയിൽ തന്നെ ഫസ്റ്റ് ക്രോപ്പില്ല, സെക്കന്റ് ക്രോപ്പെടുക്കാനേ സാധിച്ചില്ല. അപ്പോൾ ആ കൃഷിക്കാരൻ എവിടെ പോകും. അതേപോലെ ക്രാഷ് ക്രോപ്പുകൾ - ഏലം, കാപ്പി, കുരുമുളക് ഇതിനെയെല്ലാം ബാധിച്ചു. ഇതിന്റെ നഷ്ടപരിഹാരം കണക്കാക്കേണ്ടേ. എങ്ങനെയൊക്കെ ദോഷം വരുന്നുവെന്നുള്ള വല്ല പഠനങ്ങളോ ഗവേഷണങ്ങളോ നടത്തുന്നുണ്ടോ? നമ്മുടെ യൂണിവേഴ്സിറ്റിയിൽ ചോദിച്ചപ്പോൾ അങ്ങനെയൊരു പഠനമേ നടത്തിയിട്ടില്ല എന്നുള്ള സ്ഥിതിയാണ്. ഇത് വളരെ ഗൗരവമായി കാണണം. നമുക്ക് ഇതിന് ഇന്റർനാഷണൽ ലെവലിൽ തന്നെ ഫണ്ട് കിട്ടാനുള്ള സാധ്യത ധാരാളമാണ്. മറ്റു സംസ്ഥാനങ്ങളൊക്കെ ഇത് ഉപയോഗിക്കുന്നു. നമ്മൾ അതിനെ ഗൗരവമായി കാണുന്നില്ല. 2014 മാർച്ചിൽ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമേറ്റ് ചെയ്ഞ്ച് പുറത്തിറക്കിയ അഞ്ചാം അവലോകന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കാലാവസ്ഥാ വ്യതിയാനം ഏറെ ബാധിക്കുന്നത് ഗ്രാമപ്രദേശങ്ങളെയാണ്. ഇത് ക്രമേണ നിലവിലുള്ള സാമൂഹിക, സാമ്പത്തിക, ആരോഗ്യ മേഖലയെ തളർത്തും. ഇപ്പോൾ തന്നെ കേരളത്തിലെ ഭൂരിഭാഗം ഗ്രാമപ്രദേശങ്ങളും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുകയാണ്.

കാലാവസ്ഥ വ്യതിയാനം ആഗോളതലത്തിലുള്ളതാണെങ്കിലും ഇന്ത്യയെപ്പോലെ 70 ശതമാനം കാർഷിക മേഖലയെ ആശ്രയിച്ചുകഴിയുന്ന രാജ്യങ്ങളെയാണ് ഏറെ ബാധിക്കുന്നത്. കേരളത്തിലെ ഭൂരിഭാഗം കാർഷിക വൃത്തിയും കാലവർഷത്തെയാണ് ആശ്രയിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മഴയുടെ ലഭ്യതയിൽ ഗണ്യമായ കുറവാണുണ്ടായിട്ടുള്ളത്. ഭൂഗർഭജലവും വളരെ കുറഞ്ഞുപോയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 250 അടിയായിരുന്നു ഭൂഗർഭജലത്തിന്റെ അളവ്. ഇപ്പോൾ 1200 അടിയിൽ പോയി എത്തിനിൽക്കുകയാണ്. ഭൂഗർഭജലം വറ്റിവരളുകയാണ്. ഭൂമി മരുഭൂമിയായി മാറാൻ പോകുകയാണ്. കാലാവസ്ഥ വ്യതിയാനം മൂലമുള്ള ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നതിനും പരിഹരിക്കുന്നതിനും കേന്ദ്രം ജൂൺ 2008-ൽ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് (NAPCC)-ന് രൂപം നൽകി. ഇതിന്റെയടിസ്ഥാനത്തിൽ കേരളവും സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് തയ്യാറാക്കുകയും ചെയ്താൽ, ഈ പ്ലാൻ ചർച്ചയ്ക്ക് വിധേയമാക്കുകയോ ഇതനനുസരിച്ച് കാര്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യാം. എന്തായി ആ ആക്ഷൻ പ്ലാൻ? ഒരു നടപടിയും, ഇതിന്റെ പേരിൽ ഒരു ചർച്ച പോലും നടന്നിട്ടില്ല. കേരളത്തിലെ കാർഷിക മേഖലയിൽ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുന്നതിന്

കേരളം സംസ്ഥാന പദ്ധതികൾ കാര്യമായി പ്രയോജനപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് പി.എം.കെ.എസ്.വൈ., ഒരു റിപ്പോർട്ടുപോലും തയ്യാറാക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. രണ്ടുപ്രാവശ്യം ഞങ്ങൾ തന്നെ മുൻകൈയെടുത്ത് ശ്രമിച്ചു. അതിന്റെ ഒരു റിപ്പോർട്ടുപോലുമുണ്ടാക്കാൻ സാധിച്ചില്ല. എന്റെ മണ്ഡലത്തിലെ തൊട്ടടുത്തുള്ള തമിഴ്നാട്ടിലെ ജില്ല, കോയമ്പത്തൂർ 500 കോടി രൂപ വാങ്ങിച്ചെടുത്തു കഴിഞ്ഞു. എന്നാൽ ഇവിടെ ഒരു നടപടിയും അതിന്റെ പേരിൽ എടുത്തില്ല. ഈ റിപ്പോർട്ടിലുള്ളത് പറയുകയാണ്, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കുറയ്ക്കുന്നതിനും ബൃഹത്തായ പദ്ധതിയും ഭീമമായ സാമ്പത്തികവും അത്യാവശ്യമാണ്. ഇതിനായി ആഗോളതലത്തിൽ തന്നെ ഐക്യരാഷ്ട്രസഭ തുടങ്ങിയ അനേകം സംഘടനകൾ സാമ്പത്തിക സഹായം നൽകുന്നുമുണ്ട്. ഇത്തരം സഹായങ്ങൾ നമ്മുടെ രാജ്യത്ത് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നബാർഡിനെയാണ് കേന്ദ്രം ചുമതലപ്പെടുത്തിയിരിക്കുന്നത്. അതേപോലെ തന്നെ കേന്ദ്രം വേറെ ഒന്നുകൂടി ചെയ്തിട്ടുണ്ട്, കാലാവസ്ഥ വ്യതിയാനത്തിന്റെ ഫണ്ടിംഗ് പ്രൊപ്പോസൽ തയ്യാറാക്കാൻ കേന്ദ്രം അഞ്ച് അന്താരാഷ്ട്ര കൺസൾട്ടിംഗ് കമ്പനികളുമായി കരാറുണ്ടാക്കിയിട്ടുണ്ട്. ഇതിൽ ഡി.എഫ്.ഐ.ഡി. എന്ന യു.കെ. ഗവൺമെന്റ്

ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അവരെ ചുമതലപ്പെടുത്തിയാൽ ഒരു പൈസ പോലും നമ്മൾ കൊടുക്കണ്ട, അത് കേന്ദ്ര ഗവൺമെന്റ് കൊടുക്കും. നമ്മൾ ഇതുവരെയും ആ എജൻസിയെ ചുമതലപ്പെടുത്താനുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് പ്രധാനമായും രണ്ട് തരത്തിലുള്ള സാമ്പത്തിക സഹായമാണ് നബാർഡ് വഴി നൽകുന്നത്. അത് Adaptation Fund under UN Framework Convention on Climate Change, രണ്ട്, Green Climate Fund. ഇതിന്റെയടിസ്ഥാനത്തിൽ കേരളം ജി.സി.എഫ്. ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും അതിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. അതുകൂടാതെ ജി.എസ്.എഫ്. തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ജനപ്രതിനിധികൾ, ബന്ധപ്പെട്ട വിദഗ്ദ്ധർ, കർഷക സംഘങ്ങൾ തുടങ്ങിയവയുമായി ചർച്ച ചെയ്ത് തയ്യാറാക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം ഇത്തരം ഫണ്ടുകൾ സംസ്ഥാനത്ത് നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതും കേരളം പോലുള്ള സംസ്ഥാനത്ത് കാർഷിക തകർച്ചയ്ക്കും പട്ടിണി മരണങ്ങൾക്കും വരെ ഇടയാക്കാനുള്ള സാധ്യതയുണ്ട്. ജി.എസ്.എഫ്.-ന്റെ ആസ്ഥാനം കൊറിയ ആയതിനാൽ പ്രൊപ്പോസലുകളുടെ സുരക്ഷ പരിശോധന നടത്തുന്നത് കൊറിയയിലാണ്. അതിനാൽ സംസ്ഥാനം

സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ നിലവാരം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഒരിക്കൽ പോയി തിരിച്ചുവന്നാൽ പിന്നെ അത് കിട്ടില്ല. ഈ സാഹചര്യം പരിഗണിച്ച് സർക്കാർ ജി.എസ്.എഫ്., പി.എം.കെ.എസ്.വൈ. പോലുള്ള സാമ്പത്തിക സഹായങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണ്. നിലവിലുള്ള ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും പുതുതായി ഉണ്ടാക്കുന്നതിനും സംസ്ഥാനം പുതിയ കർമ്മ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഇവ കൂടാതെ തന്നെ സംസ്ഥാനത്തിന്റെ കാലാവസ്ഥ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒരു നയം രൂപീകരിക്കേണ്ടത് ആവശ്യമാണ്. ഇതിനൊരു പ്രത്യേക സെൽ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുണ്ടാക്കണം. ഇതിന് മുഴുവൻ ഗ്രാന്റാണ് കിട്ടുക. ആ ഗ്രാന്റ് മുഴുവൻ വാങ്ങിച്ചെടുക്കാൻ നമുക്ക് സാധിക്കണം. മറ്റു സംസ്ഥാനങ്ങളൊക്കെ ചെയ്തിട്ടുണ്ട്. വളരെ ഗൗരവമായി സർക്കാർ ഇത് ഏറ്റെടുക്കണമെന്നും വ്യക്തമായ ഒരു നയം ഇതിന്റെ പേരിലുണ്ടാക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>കേന്ദ്രഫണ്ട് പ്രയോജനപ്പെടുത്തൽ</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ,

ബഹുമാന്യനായ കെ. കൃഷ്ണൻകുട്ടി ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന്റെ ഉള്ളടക്കം അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ആഗോളതലത്തിലുള്ള പ്രതിഭാസമാണ്. കാലാവസ്ഥ വ്യതിയാനം കേരളത്തിലെ സമസ്ത മേഖലകളിലും പ്രത്യേകിച്ച്, കാർഷിക മേഖലയിലും അതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയിലും സാധാരണ ജനജീവിതത്തിനും ഉണ്ടാക്കിയിട്ടുള്ള പ്രയാസം വളരെ വലുതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതീവ ഗൗരവതരമായ പ്രശ്നമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഭൂമിയുടെ കാന്തികവലയത്തിലുണ്ടായിരുന്ന വിള്ളലുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിക്കാനോ, നമുക്ക് അനുഭവപ്പെടുന്ന ചൂട്, മറ്റ് വിഷയങ്ങൾ, കേരളീയ സമൂഹം മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ അനുഭവിക്കുന്ന പ്രയാസങ്ങളെല്ലാം കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണെന്ന് നമുക്ക് അറിയാവുന്നതാണ്. ഭൂമിയുടെ ഉപരിതലത്തിലുള്ള ജലസംഭരണികളും മറ്റും സംരക്ഷിക്കാൻ കഴിയാതെ പോകുന്നതിന്റെ വിഷയങ്ങൾ കൂട്ടത്തിൽ നമുക്ക് കാണാൻ കഴിയും. കാലാവസ്ഥ വ്യതിയാനം ആഗോള പ്രതിഭാസമാണ്. ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധിച്ച തോതിലുള്ള നിർഗ്ഗമനവും അതുവഴിയുള്ള

ആഗോളതാപനവുമാണ് കാലാവസ്ഥ വ്യതിയാനത്തിന് ഇടയാക്കുന്നത്. കാലാവസ്ഥ വ്യതിയാനം ചെറുക്കുന്നതിനും ഇതുമൂലമുള്ള ആഘാതം ലഘൂകരിക്കുന്നതിനും ധാരാളം നടപടികൾ ലോക രാഷ്ട്രങ്ങൾക്കൊപ്പം കേരളത്തിലും സ്വീകരിച്ചുവരുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം ചെറുക്കുന്നതിനും ഇതുമൂലമുള്ള ആഘാതം ലഘൂകരിക്കുന്നതിനുമുള്ള സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. കൃഷി-മൃഗസംരക്ഷണം, മത്സ്യബന്ധനം, തീരദേശ ആവാസ വ്യവസ്ഥയും വനവും ജൈവ വൈവിദ്ധ്യവും, ജലവിഭവം, ആരോഗ്യം, ഊർജ്ജം, വിനോദസഞ്ചാരം, നഗരവികസനം, ഗതാഗതം എന്നിങ്ങനെ ഒമ്പത് പ്രധാന മേഖലകൾക്കാണ് കർമ്മ പദ്ധതി ഊന്നൽ നൽകുന്നത്. ഓരോ മേഖലയിലെയും കാലാവസ്ഥ വ്യതിയാനത്തിന്റെ സ്വാധീനവും അതുമൂലമുണ്ടായേക്കാവുന്ന ആഘാതങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും കർമ്മ പദ്ധതിയിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ജനപ്രതിനിധികളുമായോ കർഷക സംഘടന പ്രതിനിധികളുമായോ അത്തരം കാര്യങ്ങൾ ചർച്ച ചെയ്തിട്ടില്ലായെന്ന രീതിയിലാണെങ്കിൽ ആ വിഷയത്തെക്കുറിച്ച് കൂടി ആലോചിക്കാവുന്നതാണ്. സംസ്ഥാന ബഡ്ജറ്റിന് പുറമെ കേന്ദ്ര സർക്കാർ

തലത്തിലും അന്താരാഷ്ട്ര തലത്തിലും കർമ്മ പദ്ധതി നടത്തിപ്പിനായി ഫണ്ട് ലഭ്യമാണ്. കേന്ദ്ര ഫണ്ടായ National Adaptation Fund for Climate Change (NAFCC) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നെല്ലും മീനും ഒരുമിച്ച് കൃഷി ചെയ്യുന്ന പദ്ധതിക്കായി 25 കോടി രൂപയുടെ അനുമതി ഇപ്പോൾ ലഭിച്ചിരിക്കുകയാണ്. 28-09-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള നാല് ബൃഹത് പദ്ധതികൾ, ഹരിത കേരളം പദ്ധതി അതിൽ പ്രധാനപ്പെട്ടതാണ്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒരുവശത്ത് നടപ്പാക്കുക, ജൈവകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക, കുളങ്ങൾ, ജലസംഭരണികൾ ഉൾപ്പെടെയുള്ളതിനെയെല്ലാം സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക, ഭൂമിയിലേയ്ക്ക് പെയ്തിറങ്ങുന്ന മഴ പൂർണ്ണമായ അർത്ഥത്തിൽ ഭൂമിയിൽ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുക, മഴവെള്ള കൊയ്ത്ത് നടത്തുക തുടങ്ങിയ വളരെ വ്യക്തമായ ജലസംരക്ഷണ സംവിധാനങ്ങളെല്ലാം അതിന്റെ ഭാഗമായി നടപ്പാക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. മാലിന്യ സംസ്കരണം, കൃഷിവികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകളിൽ സമഗ്ര വികസനം വിഭാവന ചെയ്തു. എല്ലാ തുറകളിലുംപെട്ട ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന

രീതിയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ബഹുമാന്യനായ എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച, അന്താരാഷ്ട്ര ഫണ്ടായ Green Climate Fund-ൽ നിന്ന് തുക ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്തും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററും ചേർന്ന് നടത്താൻ ഉദ്ദേശിക്കുന്ന 4058.03 ദശലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച വിഷയങ്ങൾ പഠിക്കുന്നതിന് സർക്കാരിന്റെ ഭൗതിക വിഭാഗം എന്ന നിലയ്ക്ക് കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, കാലാവസ്ഥ വ്യതിയാനം ലഘൂകരിക്കുന്ന തരത്തിലുള്ള ഭൂവിനിയോഗവും പ്രകൃതി ചൂഷണവും നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണങ്ങളും സർക്കാർ നടത്തിവരികയാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, 43 ഡിഗ്രി സെൽഷ്യസ് ചൂടാണ് ഇപ്രാവശ്യം പാലക്കാട് ഉണ്ടായത്. ജനങ്ങളുടെ മരണ സംഖ്യ വളരെ കൂടി, മൃഗങ്ങൾ മുഴുവൻ മരിക്കുന്ന സ്ഥിതിയിലെത്തി. അവിടെ കൊടുത്ത റിപ്പോർട്ട് ഞാൻ കണ്ടതാണ്. ആ ചൂട് കമ്മിയാക്കാനുള്ള ഒരു പ്രൊപ്പോസലും അതിലില്ല. വേണ്ടത്ര പഠനം നടത്തിയല്ല ചെയ്തിരിക്കുന്നത്. 5000-ത്തോളം കുളങ്ങളും പത്തോളം ജലാശയങ്ങളുമുണ്ട്.

ഇതെല്ലാം ലിങ്ക് ചെയ്ത് വലിയൊരു ബൃഹത് പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. അതുപോലെ ധാരാളം പ്രദേശത്ത് മരം വച്ചുപിടിപ്പിക്കാവുന്ന പദ്ധതികളുണ്ട്. അതൊന്നും ഇതിൽ വന്നില്ല. വേണ്ടത്ര പഠനം നടത്താതെ വളരെ ശുഷ്കമായ പ്രോജക്ടാണ് കൊടുത്തത്. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഏജൻസിയെ നമ്മുടെ ആവശ്യങ്ങളൊക്കെ ഏൽപ്പിച്ചാൽ....., കൃത്യമായി ഇന്റർനാഷണൽ ഫണ്ട് കിട്ടേണ്ടതാണ്. ആ ഫണ്ട് കിട്ടണമെങ്കിൽ ആ തരത്തിലുള്ള പ്രൊപ്പോസൽ കൊണ്ടുപോയാലേ പറ്റൂ. കേന്ദ്ര ഗവൺമെന്റ് തന്നെ അംഗീകരിച്ച ഏജൻസിയെ ഏൽപ്പിക്കുന്ന ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇന്നത്തെ ഹിന്ദു പത്രത്തിൽ യു.എൻ.ഡി.പി.യുടെ പ്രോജക്ടിന് അനുവദിച്ച 47 കോടി രൂപ ലാപ്സാക്കിയതിനെക്കുറിച്ച് ഒരു റിപ്പോർട്ടുണ്ട്. ഇതാണ് നമ്മുടെ സമീപനം. ഇത് മാറണ്ടേ; ഇത് എങ്ങനെയാണ് കളഞ്ഞത്? ഏകദേശം 700 കോടി രൂപയുടെ പ്രോജക്ടാണ്. അതിൽ അനുവദിച്ച 47 കോടി രൂപ ലാപ്സാക്കി കളഞ്ഞു. ഇതിനെ ഗൗരവമായി കാണുന്നില്ല. അതുകൊണ്ടാണ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിച്ചുകൊണ്ട് എങ്ങനെ കൃത്യമായി ഫണ്ട് നേടിയെടുക്കാം.... പാലക്കാടുള്ള ചൂട്, അവിടത്തെ വരൾച്ച ഇതൊക്കെ ചർച്ച ചെയ്യുമ്പോൾ ഞങ്ങളൊന്ന് അറിയണ്ടേ; എങ്ങനെയാണ് ഈ പ്രൊപ്പോസൽ

പോയത്; ജനങ്ങൾക്ക് എന്ത് സംഭവിച്ചു; മൃഗങ്ങൾക്ക് എന്ത് സംഭവിച്ചു; ദീർഘകാല വിളകളെ എങ്ങനെ ബാധിക്കും; ഓരോ ദീർഘകാല വിളകളുടെ നഷ്ടം എങ്ങനെയാണ് കണക്കാക്കുന്നത്; കണക്കാക്കുന്നതിനുള്ള സംവിധാനം എന്താണ്. തണലിൽ വളരുന്ന ജാതി, കുരുമുളക് തുടങ്ങിയ കൃഷിയെയെല്ലാം വല്ലാതെ ബാധിക്കാൻ പോവുകയാണ്. 75 ശതമാനം ഉത്പാദനം കമ്മിയായി പോയി. ഇതിന്റെയെല്ലാം നഷ്ടം കണക്കാക്കി ഇതെല്ലാം നമുക്ക് കിട്ടേണ്ടതാണ്. അങ്ങനെ കണക്കാക്കുന്ന റിപ്പോർട്ടൊന്നും നടന്നിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്, വളരെ ഗൗരവമായി എടുത്തുകൊണ്ട് മുഖ്യമന്ത്രിയുൾപ്പെടെ ആലോചിച്ചുകൊണ്ട് എങ്ങനെ നേടിയെടുക്കാൻ പറ്റുമെന്നുള്ളത് സംബന്ധിച്ച്.... എല്ലാ വകുപ്പുകളും തമ്മിൽ യോജിപ്പുണ്ടെങ്കിൽ മാത്രമേ ഇത് നടക്കൂ. ആ തരത്തിലുള്ള സംവിധാനമുണ്ടാക്കാനുള്ള നടപടിയുണ്ടാകുമോ എന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഇതൊക്കെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ വിഷയങ്ങൾ പഠിക്കുന്നതിന് സർക്കാരിന്റെ ഭൗതിക വിഭാഗം എന്ന നിലയ്ക്ക് കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. പക്ഷ, അത്തരം വിഷയങ്ങൾ തീർച്ചയായും അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ,

ജനപ്രതിനിധികളുമായും ഇതിൽ താൽപ്പര്യമുള്ള കർഷക സംഘടനകളുമായും ഈ രംഗത്ത് വൈദഗ്ദ്ധ്യമുള്ള പൊതുസമൂഹത്തിലെ വ്യക്തികളുൾപ്പെടെയുള്ളവരുമായും ചർച്ച ചെയ്ത് ഒരു സമഗ്രമായ പദ്ധതിയുമായി മുന്നോട്ട് പോകാമെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരുമായി ബന്ധപ്പെട്ടുകൊണ്ട് ആലോചിച്ച് പരിശോധിച്ച് നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്.

(2) <u>ശബരിമല തീർത്ഥാടന കാലത്തെ ഒരുക്കങ്ങൾ</u>

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഈ വരുന്ന 15-ാം തീയതി ശബരിമല ക്ഷേത്രം തുറക്കുകയാണ്. സാധാരണഗതിയിൽ ഒരു സർക്കാരിന് ക്ഷേത്രം അടയ്ക്കുകയോ തുറക്കുകയോ ചെയ്യുന്നത് വലിയ പ്രശ്നമല്ല. പക്ഷേ ശബരിമല ക്ഷേത്രത്തിന്റെ പ്രാധാന്യം എല്ലാവർക്കുമറിയാം. കുറച്ച് കാലത്തിനകം കോടിക്കണക്കിന് ആളുകൾ വന്നുചേരുന്നതും മലയിൽ സ്ഥിതി ചെയ്യുന്നതുമായ ക്ഷേത്രമാണ്. അവിടെ പോകാനുള്ള കാര്യത്തിലുള്ള റെസ്ട്രിക്ഷൻസ്, അതിനുള്ള വിഷമങ്ങൾ, പോകാനുള്ള വഴി ഇതെല്ലാം തന്നെ വലിയ പ്രശ്നമാണ്. കോടിക്കണക്കിന് തീർത്ഥാടകർ കേരളത്തിന് വലിയ സംഭാവനയും ചെയ്യുന്നുണ്ട്. ഏതാണ്ട് പതിനായിരത്തോളം കോടി രൂപയുടെ വരുമാനമാണ് കേരളത്തിന് അവർ വഴി ലഭിക്കുന്നത്. ഇത്രയും ആൾക്കാർ ഒന്നിച്ച് ചേരുന്ന അവസരത്തിൽ അവർക്ക് വേണ്ടതായിട്ടുള്ള അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. യാത്രാ സൗകര്യം, കുളിക്കാനും വിരിവയ്ക്കാനും ഭക്ഷണത്തിനുമുള്ള സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള വ്യവസ്ഥകൾ തുടങ്ങിയ അടിസ്ഥാനപരമായ കാര്യങ്ങൾ ഒരുക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. നിർഭാഗ്യവശാൽ ഇപ്രാവശ്യം ഇക്കാര്യത്തിൽ കാര്യമായി യാതൊന്നും ചെയ്തിട്ടില്ല. ഒന്നോ രണ്ടോ യോഗം കൂടി പ്രസ്താവനയിറക്കി, ഞങ്ങളെല്ലാം വേണ്ടതൊക്കെ ചെയ്തിട്ടുണ്ടെന്ന് ഉദ്യോഗസ്ഥന്മാർ പറയുന്നതല്ലാതെ പ്രായോഗികമായി ഫീൽഡിലില്ല. ശബരിമല യാത്രയിലെ പ്രധാനപ്പെട്ട കേന്ദ്രമെന്ന് പറയുന്നത് പന്തളമാണ്. പന്തളത്തെ രാജകുമാരൻ എന്നാണല്ലോ അയ്യപ്പനെ സംബന്ധിച്ചുള്ള സങ്കൽപ്പം. ആ വഴിയാണ് വലിയൊരു വിഭാഗം ആളുകൾ പോകുന്നത്. അവിടെ പോകുന്ന അവസരത്തിൽ മുമ്പുണ്ടായിരുന്ന സൗകര്യങ്ങളൊന്നും ഇല്ലെന്ന് മാത്രമല്ല, ഏതോ ഒരു കലുങ്കിന്റെ ചെറിയ ഒരു പാതയുടെ പണിതീർക്കുന്നതിനുവേണ്ടി, മാസങ്ങളായി നടക്കുന്ന പണിക്ക് പരിഹാരമാകുന്നില്ല. ആ വഴിക്ക് പോകുന്നവർക്കറിയാം. 20 കിലോമീറ്ററോളം വളഞ്ഞ് ദുർഘടമായ വഴിയിൽക്കൂടി ചെറിയ റോഡിൽക്കൂടിപോകേണ്ട സ്ഥിതിയാണ്. ലക്ഷക്കണക്കിന് തീർത്ഥാടകർ വരുന്ന അവസരത്തിൽ എന്തായിരിക്കും അവിടത്തെ സ്ഥിതി. അതിനുള്ള മുന്നൊരുക്കങ്ങളും അതിനുവേണ്ട

ശ്രുഷ്കാന്തിയും കാണുന്നില്ലായെന്നുള്ളത് വസ്തുതയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന വായിക്കുകയുണ്ടായി. അവിടത്തെ പ്രവർത്തനങ്ങൾ പരാജയമാണെന്ന് പറഞ്ഞുകൊണ്ട് മന്ത്രി ദേവസ്വം ബോർഡിനെ കുറ്റപ്പെടുത്തുന്നു. ഗവൺമെന്റ് സഹായിക്കാത്തതുകൊണ്ട് ഞങ്ങൾക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നില്ലെന്ന് ദേവസ്വം ബോർഡും പറയുന്നു. അവിടെ പത്ത് ലക്ഷം രൂപയിൽക്കൂടുതൽ ചെലവുവരുന്ന പദ്ധതികൾക്ക് ടെണ്ടർ വിളിക്കുന്നതിനുമുമ്പ് ഹൈക്കോടതിയുടെ അനുവാദം വാങ്ങണം. അത് കിട്ടുന്നില്ല. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണമുണ്ടെങ്കിൽ മാത്രമെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. അത് നടക്കുന്നില്ല. അവിടെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതിയിൽ പണം നീക്കി വയ്ക്കുകയും ഇരുപത്തി മൂന്നരക്കോടി രൂപ അതിനുവേണ്ടി ചെലവഴിക്കുകയും ചെയ്തു. കഴിഞ്ഞ വർഷം ഔപചാരികമായി ഉദ്ഘാടനവും ചെയ്തു. ഇന്നും അത് പ്രവർത്തനക്ഷമമല്ല. ശബരിമലയിൽ വരുന്ന ഭക്തന്മാർക്ക് മാത്രമല്ല പമ്പാ നദി ഒഴുകുന്ന തീരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കും പ്രശ്നങ്ങളുണ്ട്. അതൊക്കെ പരിഹരിക്കാൻ വേണ്ടി വാജ്പേയി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പമ്പാ ആക്ഷൻ പ്ലാനിന് പണം സാംങ്ഷൻ ചെയ്തു. അതും എഫക്ടീവായി

ചെലവഴിക്കുന്നില്ല. മന്ത്രിമാരും ഉദ്യോഗസ്ഥരും തിരുവനന്തപുരത്തുനിന്നും ശബരിമലയിലേയ്ക്ക് പോകുന്ന വഴി മാത്രമെ കാണുന്നുള്ളൂ. തമിഴ്നാട് ഭാഗത്തുനിന്നും വരുന്ന ആളുകൾ വണ്ടിപ്പെരിയാർ ഭാഗത്തുകൂടി വരുന്നു. ആ വഴിയെ സംബന്ധിച്ച് യാതൊരു താല്പര്യവും ശ്രദ്ധയും ചെലുത്തുന്നില്ല. വളരെ ഗൗരവമായിട്ടുള്ള ഇത്തരം വീഴ്ചകളുണ്ട്. ഗവൺമെന്റ് ദേവസ്വം ബോർഡിനേയും ദേവസ്വം ബോർഡ് ഗവൺമെന്റിനേയും കുറ്റംപറഞ്ഞിരിക്കുന്നതുകൊണ്ട് കോടിക്കണക്കിന് ആളുകളാണ് ദുരിതമനുഭവിക്കേണ്ടിവരുന്നത്. ഇതിന് പരിഹാരമുണ്ടാക്കാൻ വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ കോ-ഓർഡിനേഷൻ വേണം. അങ്ങനെ കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനുപകരം ദേവസ്വം ബോർഡിന്റെ അധികാരം എങ്ങനെ പിടിച്ചെടുക്കാം എന്നതിലാണ് താല്പര്യമെന്ന് തോന്നുന്നു. ഇത് തികച്ചും ആക്ഷേപകരമായ ഒരു നിലപാടാണ്. ഇവിടെ സഹകരണം ഉറപ്പിക്കാനുള്ള ചുമതല ഗവൺമെന്റിന്റേതാണ്. ഗവണ്മെന്റ് അക്കാര്യത്തിൽ പരാജയപ്പെടുന്നു. ഒരുപക്ഷേ അവർക്ക് ഇക്കാര്യത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടാണോയെന്ന് അറിഞ്ഞുകൂടാ. വിശ്വാസമുണ്ടോ ഇല്ലയോ എന്നുള്ളത് അപ്രസക്തമാണ്. തീർത്ഥാടകർക്കുവേണ്ട സംരക്ഷണങ്ങൾ കൊടുക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിറവേറ്റുന്ന കാര്യത്തിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നുവെന്ന കാര്യം

ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ശബരിമല നിലകൊള്ളുന്നത് വനപ്രദേശത്താണ്. പുരാതനമായി അവിടെ താമസിക്കുന്നത് ആദിവാസികളാണ്. മകര മാസത്തിലെ മകര ജ്യോതി വളരെ പ്രാധാന്യമുള്ള ഒന്നാണ്. ആദിവാസികൾ നൂറ്റാണ്ടുകളായി മകര ജ്യോതി ആചരിച്ചുവരുന്നതിനുള്ള രേഖകളുണ്ട്. മകരജ്യോതി തെളിയിക്കാനുള്ള അവകാശം അവർ ആവശ്യപ്പെടുന്നു. പക്ഷേ ഉദ്യോഗസ്ഥന്മാരും മറ്റ് താല്പര്യക്കാരും അതിൽ ഇടപെട്ടുകൊണ്ട് ആദിവാസികളുടെ അവകാശങ്ങൾ നിഷേധിക്കുന്നു. അവർ കൂട്ടമായി ആവശ്യപ്പെട്ടിട്ടും ചെവിക്കൊള്ളാൻ തയ്യാറാകുന്നില്ല. അവരുടെ ന്യായമായ അവകാശങ്ങൾ അനുവദിക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറാകുന്നില്ല? യാതൊരു ചെലവുമുള്ള കാര്യമല്ല. അവരുടെ അഭിമാനത്തിന്റെ പ്രശ്നമാണ്. അവരെ സംബന്ധിച്ചിടത്തോളം അവകാശം നിഷേധിക്കൽ മാത്രമല്ല, അവർക്ക് സമൂഹത്തിൽ ലഭിക്കുന്ന സ്ഥാനത്തിന്റെയും അഭിമാനത്തിന്റെയും പ്രശ്നമായ മകര ജ്യോതി തെളിയിക്കാൻ എന്തുകൊണ്ട് അവരെ അനുവദിക്കുന്നില്ലെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തീർത്ഥാടനം തുടങ്ങുന്നതിന് പത്ത് ദിവസം മാത്രം ബാക്കിനിൽക്കുമ്പോഴും എങ്ങുമെത്താതെ കിഴക്കുഭാഗത്തുനിന്നും പടിഞ്ഞാറ് ഭാഗത്തുനിന്നും വരുന്ന യാത്രക്കാർക്ക് വലിയ വിഷമം സൃഷ്ടിക്കുന്ന ഒരു

സാഹചര്യമുണ്ടായിരിക്കുന്നു. ദക്ഷിണേന്ത്യയിൽ മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ടെന്നും ആ യോഗത്തിൽ തീരുമാനങ്ങളെടുക്കുമെന്നും ഇന്നലെയും പത്രത്തിൽ വാർത്തയുണ്ടായിരുന്നു. യോഗം നടന്നതായി പത്രങ്ങളിൽ കാണുന്നില്ല. അതിനുപകരം രണ്ടായിരം പേർക്ക് ഭക്ഷണം കൊടുക്കാൻ വ്യവസ്ഥ ചെയ്യാൻ പോകുന്നു എന്നൊരു പ്രസ്താവന കണ്ടു. അവിടെ അയ്യായിരം പേർക്ക് ഒരേ സമയം ഭക്ഷണം കൊടുക്കാനുള്ള ശാല പണിയാൻ തുടങ്ങിയിട്ട് അത് അവസാനിക്കുന്നില്ല. അവിടെ സാധനങ്ങൾ കൊണ്ടുവരുന്നതിന് ട്രേഡ് യൂണിയനുകളുടെ സമരം. അതിൽ മന്ത്രിയോ ഗവണ്മെന്റോ ഇടപെട്ട് അതിന് പരിഹാരമുണ്ടാക്കി ആ പ്രവർത്തനം ദ്രുതഗതിയിൽ കൊണ്ടുപോകാൻ സാധിക്കണം. ഇക്കാര്യങ്ങളിൽ ഗവണ്മെന്റ് കുറെക്കൂടി ശുഷ്കാന്തി കാണിക്കണം. ഭക്തന്മാരുടെ വികാരങ്ങൾ ഉൾക്കൊണ്ട് ലോങ് ടേം കാഴ്ചപ്പാടിലും ഷോർട്ട് ടേം കാഴ്ചപ്പാടിലും അടിയന്തരമായി ഇതിനൊക്കെ പരിഹാരം കണ്ടെത്താൻ സാധിക്കണം. ഞാനിവിടെ പറഞ്ഞ വഴിയുടെയും കുടിവെള്ളത്തിന്റെയും കാര്യത്തിൽ പരിഹാരമുണ്ടാക്കാനുള്ള ശ്രമം നടത്തണം. ഇതൊന്നും ചെയ്തിട്ടില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**ശബരിമല തീർത്ഥാടന കാലത്തെ ഒരുക്കങ്ങൾ**

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

ഞാൻ വളരെയേറെ ആദരിക്കുന്ന അംഗമാണ് ശ്രീ. ഒ. രാജഗോപാൽ. അദ്ദേഹത്തെ ആരോ നല്ല രീതിയിൽ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. രണ്ടുമൂന്ന് ദിവസംമുമ്പ് അദ്ദേഹത്തിന്റെ പാർട്ടിയുടെ മുൻ പ്രസിഡന്റും കഴിഞ്ഞ തെരഞ്ഞെടുപ്പിന് കഴക്കൂട്ടത്ത് മത്സരിക്കുകയും ചെയ്ത വ്യക്തിയുടെ ഫെയ്സ് ബുക്ക് പോസ്റ്റിൽ പറഞ്ഞ തെറ്റായിട്ടുള്ള ചില വിവരങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിക്കുന്നത് കേട്ടപ്പോൾ സങ്കടം തോന്നി.

ശ്രീ. ഒ. രാജഗോപാൽ: സർ, ആ കാര്യം ഞാൻ പറഞ്ഞില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറഞ്ഞതിൽ അതുണ്ടായിരുന്നു. അതിന്റെ ഉള്ളടക്കം അതായിരുന്നു. രണ്ടുമൂന്ന് ദിവസംമുമ്പ് അദ്ദേഹത്തിന്റെ ഒരു ഫെയ്സ് ബുക്ക് പോസ്റ്റുണ്ടായിരുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, അങ്ങ് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെ അവിടെ കൊണ്ടുപോയത് നല്ല കാര്യമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അദ്ദേഹത്തിന് അത് ഇഷ്ടപ്പെട്ടിട്ടില്ല. അതിനോടനുബന്ധിച്ച് അദ്ദേഹം പറഞ്ഞ കാര്യങ്ങളൊന്നുംതന്നെ വാസ്തവത്തിന് നിരക്കുന്നതല്ല. ഞാൻ ഇക്കാര്യം സംബന്ധിച്ച് അദ്ദേഹത്തോട് നേരിട്ട് സംസാരിച്ചപ്പോൾ ഇതൊക്കെ രാഷ്ട്രീയമല്ലേ എന്നാണ് അദ്ദേഹം

പറഞ്ഞൊഴിഞ്ഞത്. വളരെ ഗൗരവമുള്ള പ്രശ്നത്തെ നിങ്ങൾക്കൊരു രാഷ്ട്രീയം, എനിക്ക് വേറൊരു രാഷ്ട്രീയം എന്നുള്ള നിലയിൽ രാഷ്ട്രീയമായി കാണാനാണ് അദ്ദേഹം ശ്രമിച്ചത്. ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല.

അങ്ങയെപ്പോലെയുള്ള ആരെങ്കിലും ഇങ്ങനെ പറയാനിടയുണ്ടെന്ന് കണ്ടുകൊണ്ട് വളരെ കരുതലോടെയാണ് ഇപ്രാവശ്യത്തെ തീർത്ഥാടന കാലയളവിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നീക്കിയത്. എനിക്ക് വിശ്വാസമുണ്ടോ ഇല്ലയോ എന്നുള്ളത് പ്രശ്നമല്ല. വിശ്വാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധ ബുദ്ധിയുണ്ട്. മെയ് മാസത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. നവംബർ 16-ാം തീയതി രാവിലെ നട തുറക്കുകയാണ്. നവംബർ മാസത്തിൽ നടക്കാൻ പോകുന്ന മണ്ഡലകാലത്തിനുവേണ്ടി ജൂൺ മാസത്തിൽ തന്നെ ഞാൻ യോഗം വിളിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്ന് യോഗങ്ങൾ വിളിച്ചു. ഇതുവരെ അങ്ങനെയുണ്ടായിട്ടില്ല. മുഖ്യമന്ത്രിമാർ യോഗം വിളിക്കാറുണ്ട്. പക്ഷേ മൂന്ന് യോഗങ്ങൾ ഇപ്പോൾ വിളിച്ചുചേർത്തു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പഴയ കഥകളാണ് ഈ പറയുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇപ്പോൾ നടന്ന കാര്യങ്ങളാണ് ഞാൻ

പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജൂലൈ 20, ആഗസ്റ്റ് 18, നവംബർ 3 എന്നീ തീയതികളിലായി മൂന്ന് അവലോകന യോഗങ്ങൾ നടന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ, എം.പി. മാർ, എം.എൽ.എ.മാർ, ദേവസ്വം ബോർഡ് പ്രസിഡന്റ്, ബോർഡ് അംഗങ്ങൾ, ആഭ്യന്തരം, ആരോഗ്യം, ഗതാഗതം, മരാമത്ത്, വൈദ്യുതി, ജലസേചനം, വാട്ടർ അതോറിറ്റി, ഭക്ഷ്യ സുരക്ഷ, വനം, റവന്യൂ, ദുരന്തനിവാരണം, റെയിൽവെ, ബി.എസ്.എൻ.എൽ തുടങ്ങി ശബരിമലയുമായി ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ഉന്നത ഉദ്യോഗസ്ഥന്മാർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. തീർത്ഥാടകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടി വളരെ വിശദമായി ചർച്ച ചെയ്ത് അവശ്യം വേണ്ടതായിട്ടുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും എടുത്തിട്ടുണ്ടായിരുന്നു. ദേവസ്വം വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ തന്നെ മുൻകയ്യെടുത്ത് ജൂൺ മാസം 6-ാം തീയതിയും ഒക്ടോബർ മാസം 10-ാം തീയതിയും രണ്ട് പ്രത്യേക യോഗങ്ങൾ വിളിച്ചിട്ടുണ്ടായിരുന്നു. കൂടാതെ ഒക്ടോബർ മാസം 29-ാം തീയതി ഞാനും തദ്ദേശഭരണ വകുപ്പുമന്ത്രിയും കൂടി സന്നിധാനത്ത് പോയി ഇതുവരെ നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് നേരിൽ കണ്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ക്ലോസ്ഡ് ഡോർ മീറ്റിംഗായിരുന്നു അന്നവിടെ നടന്നത്. ഡിപ്പാർട്ട്മെന്റുകളുടെയും

ദേവസ്വം ബോർഡിന്റെയും ഭാഗത്തുനിന്ന് ചില വീഴ്ചകളുണ്ടായിട്ടുണ്ട്. ആ വീഴ്ചകൾ ചൂണ്ടിക്കാണിച്ചു എന്നുള്ളതല്ലാതെ ബോർഡുമായിട്ടോ ഡിപ്പാർട്ടുമെന്റുകളുമായിട്ടോ തർക്കമുണ്ടായില്ല. കഴിഞ്ഞ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ പൂർണ്ണത കൈവരിക്കാൻ കഴിയാത്തതിനെ സംബന്ധിച്ച് ഒരു യോഗത്തിൽ നടത്താറുള്ള ചെറിയ വിമർശനം നടത്തിയെന്നേയുള്ളൂ. അല്ലാതെ ദേവസ്വം ബോർഡുമായിട്ടോ ഡിപ്പാർട്ടുമെന്റുകളുമായിട്ടോ യാതൊരു വിധത്തിലുള്ള തർക്കവുമില്ല. ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ പൂർത്തീകരിച്ചില്ലെന്ന് കണ്ടപ്പോൾ ഗൗരവത്തോടുകൂടി ആ പ്രശ്നങ്ങൾ കാണണമെന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പറയുക മാത്രമെ ചെയ്തിട്ടുള്ളൂ. മന്ത്രി ദേവസ്വംബോർഡിനെ ശാസിച്ചെന്നോ ഒച്ചപ്പാടുണ്ടാക്കിയെന്നോ എന്നെല്ലാം പറഞ്ഞുകൊണ്ട് പിറ്റേദിവസം ഒരു പ്രധാനപ്പെട്ട പത്രത്തിൽ വാർത്ത വരികയുണ്ടായി. ഞാൻ ശാസിക്കാനൊന്നും പോയില്ല. ദേവസ്വം ബോർഡ് സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഭരണഘടനാ സ്ഥാപനമല്ലേ. അവർക്ക് ചില പരിമിതികളുണ്ടെന്ന് ആ യോഗത്തിൽ പറഞ്ഞു. ആ പരിമിതികളെല്ലാം മനസ്സിലാക്കി വളരെ നേരത്തെതന്നെ കാര്യങ്ങൾ തുടങ്ങണമായിരുന്നു എന്നേ ഞാൻ പറഞ്ഞുള്ളൂ. അതൊക്കെ അവർക്ക് ബോദ്ധ്യമാവുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ

മിക്കവാറുമുള്ള എല്ലാ തീരുമാനങ്ങളും ഹൈക്കോടതിയാണ് എടുക്കുന്നത്. ഹൈക്കോടതിയുടെ തീരുമാനങ്ങൾക്ക് വിധേയമായി കാര്യങ്ങൾ ചെയ്യേണ്ടിവരുമ്പോഴുണ്ടാകുന്ന സമയത്തിന്റെ പ്രശ്നമുണ്ട്. അത് ഇന്നലെയോ മിനിഞ്ഞാന്നോ ഉണ്ടായ പ്രശ്നമല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശബരിമലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഹൈക്കോടതിയുടെ ഇടപെടലുകൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ടെങ്കിൽ എന്തുകൊണ്ട് ഇക്കാര്യം ഹൈക്കോടതിയെ അറിയിച്ചുകൂടാ? ദേവസ്വം ബോർഡിനോട് സംസാരിക്കുമ്പോൾ അവരും പറയുന്നതിതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും കറക്റ്റാണ്. ഇത് ഹൈക്കോടതിയെ അറിയിക്കണം. കാരണം ഇപ്പോൾ വരുന്നത് സീസൺ ആണ്; സീസൺ കഴിഞ്ഞ് ചെയ്തിട്ട് കാര്യമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇത് ഹൈക്കോടതിയെ അറിയിച്ചാൽ മാത്രം പോരാ. ഞാൻ പറയുന്നത് അത്തരം നിയന്ത്രണം എങ്ങനെ എടുത്തുകളയാൻ സാധിക്കുമെന്നാണ്. സുപ്രീംകോടതിയിൽ പോയാൽപ്പോലും കുഴപ്പമില്ലായെന്ന് തോന്നുന്നു. ഏതൊരു ചെറിയ കാര്യത്തിനും ഹൈക്കോടതിയെ സമീപിച്ചാൽ ഹൈക്കോടതിക്ക് അവരുടേതായിട്ടുള്ള സമയം ആവശ്യമാണ്. മിനിമം അത്രയും

സമയമെങ്കിലും കൊടുക്കേണ്ടി വരും. അതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ അവിടെയുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ചുള്ള ഒരു കൂട്ടായ ചർച്ച നടന്നതല്ലാതെ ഗവൺമെന്റും ദേവസ്വം ബോർഡും തമ്മിൽ യാതൊരു തരത്തിലുള്ള പ്രശ്നങ്ങളുമില്ല. മണ്ഡല-മകരവിളക്കുകാലത്തെ മഹോത്സവം വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പ്രശ്നവുമില്ല. അവിടെ വന്നിട്ടുള്ള രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, റോഡിന്റെ കാര്യമാണ്. പ്രധാനപ്പെട്ട എല്ലാ റോഡുകളും അവിടെ പൂർത്തീകരിച്ചിട്ടുണ്ട്. ചില ഇടറോഡുകളുടെ കാര്യത്തിൽ പൂർണ്ണത കൈവരിക്കാൻ സാധിച്ചിട്ടില്ലായെന്നുള്ള വിമർശനം വന്നിരുന്നു. അത് പൂർത്തീകരിക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്.

വെള്ളത്തിന്റെ പ്രശ്നം ഏറ്റവും പ്രധാനപ്പെട്ടതാണ്. അവിടെ കുപ്പിവെള്ളം വിതരണം ചെയ്യാൻ പാടില്ലായെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമുണ്ട്. പ്രധാനപ്പെട്ട ഇടത്താവളങ്ങളിൽപ്പോലും അങ്ങനെയാണ്. അതുകൊണ്ട് കുടിവെള്ളം വിതരണം ചെയ്യുകയെന്നുള്ളത് പ്രധാനപ്പെട്ട ഒരു പ്രശ്നമായിരുന്നു. പമ്പയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കുടിവെള്ളം വിതരണം ചെയ്യുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 132 കിയോസ്കുകൾ പമ്പ

മുതൽ സന്നിധാനം വരെ സ്ഥാപിച്ച് ശുദ്ധജലം കൊടുക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും വാട്ടർ അതോറിറ്റി നിർവ്വഹിച്ചിട്ടുണ്ട്. ആ സമയത്തുതന്നെ ദേവസ്വം ബോർഡും ഏതാണ്ട് 4 കോടി 70 ലക്ഷം രൂപ ചെലവഴിച്ച് ശുദ്ധജല വിതരണത്തിനുവേണ്ടിയുള്ള ഒരു പ്രോജക്ട് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ദൗർഭാഗ്യവശാൽ, അന്നത്തെ യോഗത്തിലുണ്ടായ വിമർശനത്തിന്റെ കാതലായിട്ടുള്ള ഭാഗം അതായിരുന്നു. കഷ്ടിച്ച് ഒരു പത്തു ദിവസത്തിനുമുൻപാണ് അതിന്റെ കരാർ ഒപ്പിട്ടത്. മണ്ഡലകാലം വന്നടുക്കുന്ന സമയമായി. അതിലേയ്ക്കായി 200 കിയോസ്കുകൾ സ്ഥാപിക്കാൻ വേണ്ടിയാണ് 4,70,00,000/- രൂപയുടെ കരാർ ദേവസ്വം ബോർഡ് ഒപ്പുവച്ചത്. കുറെയേറെ വൈകിപ്പോയി; ഇത് കുറേക്കൂടി നേരത്തെ നിങ്ങൾ തുടങ്ങേണ്ടതല്ലായിരുന്നോ എന്ന സ്വാഭാവികമായിട്ടുള്ള ഒരു ചോദ്യം മാത്രമേ അവിടെയുണ്ടായിട്ടുള്ളൂ. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്ന കാര്യം ശരിയാണെന്നുള്ളത് അവർക്കും ബോദ്ധ്യമായിട്ടുണ്ട്. അവർ ചില ന്യായങ്ങളൊക്കെ പറഞ്ഞുവെന്നുള്ളത് വാസ്തവം. ഏതായാലും അതിന് ഫലമുണ്ടായി. അതിനുശേഷം കഴിഞ്ഞ ഒരാഴ്ചക്കാലമായി അതിന്റെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടക്കുകയാണ്. ഏതാണ്ട് നൂറോളം കുടിവെള്ളം കൊടുക്കുന്ന കിയോസ്കുകൾ ഈ മാസം 15-ാം തീയതിക്ക് മുൻപ് പൂർത്തീകരിക്കാൻ

സാധിക്കുമെന്നുള്ളതാണ് ഇന്നലെ ഞങ്ങൾ റിവ്യൂ ചെയ്തപ്പോൾ കാണാൻ കഴിഞ്ഞത്. അതുപോലെതന്നെ നിലയ്ക്കൽ എന്ന സ്ഥലത്തും കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്. അവിടെയും കുപ്പിവെള്ളം നിരോധിച്ചിരിക്കുകയാണ്. ദേവസ്വം ബോർഡുതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് ഇപ്രാവശ്യം കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ഒരു തീരുമാനമുണ്ടാകണമെന്ന് ആവശ്യപ്പെട്ടെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി അതിനെ ശക്തിയായി നിഷേധിച്ചിരിക്കുകയാണ്. ഏതായാലും കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും അവിടെ സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ളത്തിന്റെ കാര്യങ്ങൾ പരിശോധിക്കാൻവേണ്ടി ഈ വരുന്ന തിങ്കളാഴ്ച വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് അതിന്റെ അവസാനഘട്ട പരിശോധനകൾ നടത്തുന്നുണ്ട്. അതിലൊന്നും ഒരു വീഴ്ചയും വരാൻ പോകുന്നില്ല.

മറ്റൊന്ന്, വൈദ്യസഹായത്തിന്റെ പ്രശ്നമാണ്. സന്നിധാനത്തും പമ്പയിലുമെല്ലാം പൂർണ്ണതോതിൽ ആശുപത്രികൾ പ്രവർത്തിപ്പിക്കാൻ വേണ്ടിയുള്ള തീരുമാനമുണ്ട്. പെട്ടെന്ന് വരാൻ സാധ്യതയുള്ള ഹൃദയാഘാതം പോലുള്ള രോഗങ്ങൾക്ക് ചികിത്സിക്കാൻ പറ്റുന്ന സംവിധാനങ്ങളോടുകൂടിയുള്ള ആശുപത്രി സന്നിധാനത്തുണ്ട്. അതിന്റെ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. അടിയന്തര ശസ്ത്രക്രിയ ആവശ്യമാണെങ്കിൽ അത് നടത്താൻവേണ്ടിയുള്ള സൗകര്യവും ആശുപത്രികളിൽ ഒരുക്കുന്നുണ്ട്. മാത്രമല്ല, അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലും ഇതുമായി കണക്റ്റഡായി വരുന്ന പ്രധാനപ്പെട്ട എല്ലാ ആശുപത്രികളിലും സജ്ജീകരണങ്ങൾ ഏർപ്പെടുത്താനും വാഹനങ്ങൾ ക്രമീകരിക്കാനുമുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം അന്നദാനമാണ്. അന്നദാനം ഇപ്രാവശ്യം ഒരു വിഷമവുമില്ലാതെ നൽകാൻ കഴിയുമെന്നാണ് തോന്നുന്നത്. 5000 പേർക്ക് ഒരേസമയം അന്നദാനം നൽകാൻ കഴിയുന്ന തരത്തിലുള്ള ഒരു മണ്ഡപത്തിന്റെ നിർമ്മാണമാണ് ആലോചിച്ചിരുന്നതെങ്കിലും അത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതെല്ലാം വിമർശനത്തിന് വിധേയമായിട്ടുള്ള കാര്യങ്ങളാണ്. അത് പൂർണ്ണതോതിൽ കെട്ടി ശരിയാക്കിയിട്ടില്ലെങ്കിലും ഒരേസമയം 2000 പേർക്ക് ഭക്ഷണം കൊടുക്കാൻ കഴിയും. കഴിഞ്ഞവർഷം 200 പേർക്ക് ഭക്ഷണം കൊടുക്കാനുള്ള ഒരു അന്നദാനപ്പുരയാണ് അവിടെയുണ്ടായിരുന്നതെന്ന് കാണണം. ദേവസ്വം ബോർഡ് കഴിഞ്ഞ ഒരു വർഷത്തിനിടെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി 2000 പേർക്ക് അന്നദാനം കൊടുക്കാൻ കഴിയുന്ന തരത്തിലേക്ക് അവിടെ ഒരു പുര ഉണ്ടായിട്ടുണ്ട്. കുറച്ചുകൂടി സ്പീഡിവർക്ക് നടന്നിരുന്നെങ്കിൽ അത് 5000

പേർക്ക് അന്നദാനം കൊടുക്കാൻ കഴിയുന്നതരത്തിലുള്ള ഒരു പുരയായി മാറ്റാൻ കഴിയുമായിരുന്നു. ഏതാണ്ട് ഒരാഴ്ചക്കാലംകൊണ്ട് ചില തൊഴിൽത്തർക്കങ്ങളുടെ ഭാഗമായി പ്രവർത്തനത്തിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. ഏതായാലും 2000 പേർക്ക് കൃത്യമായി ഒരേസമയം അന്നദാനം കൊടുക്കാൻ കഴിയുന്ന തരത്തിൽ ഏർപ്പാട് ചെയ്തിട്ടുണ്ട്. അതിൽ യാതൊരു പ്രശ്നവുമുണ്ടാകില്ല. വിരിവയ്ക്കാനായി കഴിഞ്ഞ കാലത്തേക്കാൾ കുറച്ചുകൂടി വലിയ സജ്ജീകരണങ്ങൾ ഇടത്താവളങ്ങളിലും സന്നിധാനത്തുമെല്ലാം ഒരുക്കിയിട്ടുണ്ട്. കോട്ടയം, പത്തനംതിട്ട, പന്തളം, ചെങ്ങന്നൂർ, എരുമേലി തുടങ്ങിയ ഇടത്താവളങ്ങളിൽ ഞാൻതന്നെ പങ്കെടുത്തുകൊണ്ട് ഉദ്യോഗസ്ഥരുടെയും സന്നദ്ധസംഘടനകളുടെയും അയ്യപ്പ സേവാ സംഘത്തിന്റെയുമൊക്കെ യോഗങ്ങൾ ചേർന്ന് അവരുടെ ആവശ്യങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങളെല്ലാം ഏർപ്പെടുത്തി. എരുമേലിയിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വീണ്ടും ഒരു അവലോകനയോഗം നടത്തി തീരുമാനങ്ങളെടുത്തു. കഴിഞ്ഞ ദിവസത്തെ യോഗത്തിൽ ആ തീരുമാനങ്ങളെല്ലാം നടപ്പിലാക്കാൻ സാധിച്ചതായി അവർ പറഞ്ഞിട്ടുണ്ട്.

അപ്പം, അരവണയാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമായി ഉയർന്നുവന്നിട്ടുള്ളത്.

ഇപ്രാവശ്യം നേരിട്ടുതന്നെ ഞാൻ പരിശോധിച്ചു. 40 ലക്ഷം ടിൻ ഈ മാസം 15-ാം തീയതിക്ക് മുൻപുതന്നെ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 40 ലക്ഷം ടിൻ എപ്പോഴും അവിടെ ഉണ്ടാകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വളരെ സുഗമമായിട്ടുതന്നെ കാര്യങ്ങൾ നടക്കുന്നുണ്ട്. മറ്റൊന്ന്, അവിടെയുണ്ടായ നെയ്യഭിഷേകത്തിന്റെ തിരക്കാണ്. ഇപ്രാവശ്യം ഒരു പുതിയ നെയ്ത്തോണി സജ്ജീകരിച്ച് നെയ്യഭിഷേകം നടത്തുന്ന സന്ദർഭത്തിലുള്ള ഭക്തജനത്തിരക്ക് കുറയ്ക്കാൻവേണ്ടിയുള്ള നടപടി ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്; അതിനാവശ്യമായ ക്രമീകരണങ്ങളും എടുത്തിട്ടുണ്ട്.

യാത്രാസൗകര്യത്തിന് കെ.എസ്.ആർ.ടി.സി. വലിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചെങ്ങന്നൂരിൽ നിന്ന് പമ്പ വരെ 'ശബരി' എന്ന പേരിൽ ഒരു നോൺ-സ്റ്റോപ്പ് സർവ്വീസ് പുതിയതായി ഇൻട്രൊഡ്യൂസ് ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ നിന്നും ശബരിമലയിലേക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശുചിത്വത്തിന്റെ കാര്യത്തിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെയല്ല, സന്നിധാനത്തെ എസ്.റ്റി.പി. പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഞാൻ പോയി പരിശോധിച്ചതാണ്; എന്റെ കൂടെ പി.സി.ബി.യുടെ ഉയർന്ന ഉദ്യോഗസ്ഥരും

ശാസ്ത്രജ്ഞൻമാരും അതിന്റെ കോൺട്രാക്ടറും മറ്റ് സാങ്കേതിക സഹായം കൊടുക്കുന്നവരുമുണ്ടായിരുന്നു. ആ എസ്.റ്റി.പി. പരിശോധിച്ചതാണ്; അത് പൂർണ്ണസജ്ജമാണ്; പ്രവർത്തനക്ഷമമാണ്. ഇപ്രാവശ്യം അതിൽ യാതൊരു കുഴപ്പവും വരില്ല. അത് നന്നായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന നിലയിലാണ്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ഭക്തർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കാനായി റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, പമ്പ, എരുമേലി എന്നീ പ്രധാനപ്പെട്ട ഇടത്താവളങ്ങൾ തുടങ്ങി എല്ലായിടത്തും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ ഭാഷകളിലുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കാൻവേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. വിവിധ ഭാഷ സംസാരിക്കുന്ന ആളുകൾക്ക് പ്രത്യേക സ്ഥലങ്ങളിൽ അനൗൺസ്മെന്റ് നടത്തുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അതെല്ലാം കഴിഞ്ഞകാലത്ത് ചെയ്തതുപോലെ തന്നെയാണ്. എന്നാലും കുറേക്കൂടി മെച്ചപ്പെട്ട തരത്തിൽ ഇപ്രാവശ്യം ചെയ്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാവശ്യമായ സംവിധാനത്തിനുവേണ്ടി സ്ക്വാഡുകളെ പ്രവർത്തനക്ഷമമാക്കാനുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വനംവകുപ്പ് കഴിഞ്ഞ കാലത്തുനിന്നെല്ലാം വ്യത്യസ്തമായി ഇപ്രാവശ്യം കുറച്ചുകൂടി കോർഡിയലായിട്ടുള്ള

ഒരു സമീപനം സ്വീകരിച്ചതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ദുർഘടപാതകളിലൂടെ സഞ്ചരിച്ചുവരുന്ന തീർത്ഥാടകർക്ക് കുടിക്കാൻ ചുക്കുവെള്ളവും അതുപോലുള്ള സൗകര്യങ്ങളുമെല്ലാം ഏർപ്പെടുത്താൻ അവർ തയ്യാറാണ്. പലസ്ഥലത്തും അവരുടെ താവളങ്ങളുണ്ടാക്കിയിട്ടുണ്ട്.

റെയിൽവേ സ്പെഷ്യൽ ട്രെയിനുകൾ ഇതിനകംതന്നെ നിശ്ചയിച്ചതായി അനൗൺസ്മെന്റ് വന്നിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ട്രെയിനുകളെ സംബന്ധിച്ചും അനൗൺസ്മെന്റ് വന്നിട്ടുണ്ട്. ബി.എസ്.എൻ.എൽ.-ഉം പ്രത്യേകമായിട്ടുള്ള സംവിധാനം അവിടെ ഒരുക്കിയിട്ടുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 8-ാം തീയതിയാണ് വിളിച്ചു ചേർക്കാൻ തീരുമാനിച്ചിരിക്കുന്നത്. അത് അവസാനഘട്ട പരിശോധനയ്ക്കും ഇനിയെന്തെങ്കിലും ചെയ്യേണ്ടതുണ്ടോയെന്ന കാര്യം ബോധ്യപ്പെടാനുംവേണ്ടിമാത്രമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പോലീസ് വകുപ്പിനും നൽകുവാനുള്ള സാമ്പത്തികം നൽകുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ജില്ലാ കളക്ടർമാർക്കും എസ്.പി.മാർക്കും സ്പെഷ്യൽ ഫണ്ട് അലോട്ട് ചെയ്തു കഴിഞ്ഞു. ശബരിമലയിലെ വരുമാനത്തെ സംബന്ധിച്ച് പറയുമ്പോൾ പർവ്വതീകരിച്ച് പറയാൻ പാടില്ല. കഴിഞ്ഞ വർഷം ശബരിമലയിൽ കാണിക്ക ഇനത്തിൽ കിട്ടിയ വരുമാനം

169 കോടി രൂപയാണ്. 10000 കോടിയെന്ന് പറഞ്ഞ് നമ്മൾ ഒരു തെറ്റിദ്ധാരണ ഉണ്ടാക്കാൻ പാടില്ല. അങ്ങ് പതിനായിരം കോടിയുടെ കണക്ക് പറഞ്ഞത് ഏത് അർത്ഥത്തിലാണെന്ന് എനിക്ക് അറിയില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, പല സ്ഥലങ്ങളിൽനിന്നും വരുന്ന തീർത്ഥാടകർ കച്ചവടം, യാത്ര, താമസം തുടങ്ങിയിട്ടുള്ള വകയായി കേരളത്തിന്റെ ഇക്കോണമിയിൽ കിട്ടുന്ന വരുമാനത്തിന്റെ കാര്യമാണ് പറഞ്ഞത്. അല്ലാതെ ക്ഷേത്രത്തിന്റെ വരുമാനമല്ല ഞാൻ പറഞ്ഞത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: പതിനായിരം കോടിയെന്നുപറയുന്നത് കുറച്ച് അമിതമായിട്ടുള്ളൊരു തുകയാണ്. എന്നാലും അങ്ങ് പറയുന്നത് ശരിയാണ്. 169 കോടി രൂപ ശബരിമലയ്ക്ക് വന്നുചേരുമ്പോൾ വേറെ പത്ത് അഞ്ഞൂറ് കോടി വേണമെങ്കിൽ നമുക്ക് അതിനെ കാണാമെന്നല്ലാതെ പതിനായിരം കോടി എന്നുപറയുന്നത് വല്ലാത്തൊരു തുകയായി പോകും. അതിന് സാധ്യതയുമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ അടക്കമുള്ള ഇരുപതോളം തദ്ദേശ സ്ഥാപനങ്ങൾക്ക് ക്ലീനിംഗിനുവേണ്ടി ഒരു അഞ്ചു ലക്ഷം പത്തു ലക്ഷം രൂപ കൊടുത്തിരുന്നു. ഈ വർഷം അത് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണം. പോലീസ് സേനയ്ക്ക്

മെസിനുവേണ്ടി ഒന്നര കോടിയോളം രൂപ കൊടുത്തിരുന്നു. അത് ഗവൺമെന്റാണ് കൊടുക്കുന്നത്. അതിനുവേണ്ടിയുള്ള നടപടിയും ഉണ്ടാകണം. ദക്ഷിണേന്ത്യയിലെ ദേവസ്വം വകുപ്പ് മന്ത്രിമാരുടെ യോഗം എല്ലാവർഷവും വിളിച്ചുചേർത്തിട്ടുണ്ട്. കാരണം മകര വിളക്ക് സമയത്ത് ഏകദേശം 90 ശതമാനവും ഭക്തജനങ്ങൾ വരുന്നത് തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ പ്രദേശങ്ങളിൽ നിന്നുമാണ്. അവരുടേതായ സൗകര്യങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിന് വളരെ പെട്ടെന്ന് തന്നെ ഒരു യോഗം കൂടെ വിളിച്ചാൽ നന്നായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ കേൾക്കാത്തതു കൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതായ കഴിഞ്ഞ പ്രാവശ്യം നൽകിയ ഏതാണ്ട് മൂന്നു കോടിയോളം രൂപയും പോലീസുകാർക്ക് ഭക്ഷണത്തിനുകൊടുക്കേണ്ട തുകയും അനുവദിച്ചു കഴിഞ്ഞു. ജില്ലാകളക്ടർമാർക്കും എസ്.പി.മാർക്കും കൊടുക്കുന്ന സ്പെഷ്യൽ ഫണ്ടും അനുവദിച്ചുകഴിഞ്ഞു. 8-ാം തീയതി ബഹുമാനപ്പെട്ട ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ സമ്മേളനം മുഖ്യമന്ത്രി വിളിച്ചുചേർക്കുന്നുണ്ട്. ദേവസ്വം ബോർഡിന്റെ അധികാരം എങ്ങനെ പിടിച്ചെടുക്കാം? അങ്ങയെ പോലെ പരിണിത പ്രജ്ഞനായിട്ടുള്ള ഒരാൾ

അങ്ങനെ പറയാൻ പാടില്ലായിരുന്നു. അതൊന്നും നമ്മുടെ പരിപാടിയേ അല്ല. ആരുടെ അധികാരവും നമുക്ക് പിടിച്ചെടുക്കേണ്ട. ഈ ഗവൺമെന്റിന് അങ്ങനെയൊരു ഉദ്ദേശവുമില്ല. എട്ടൊൻപത് ഡിപ്പാർട്ടുമെന്റുകൾക്ക് മാതൃകയായി പ്രവർത്തിക്കേണ്ട ഒരു സ്ഥാപനമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ്. അങ്ങനെ മാതൃകയാകുന്നില്ല. നമ്മുടെ കൺസ്റ്റൈയിൻസ് മനസ്സിലാക്കി കുറച്ചുകൂടെ അഡ്വാൻസ് ചെയ്തു പോകാനായി നിങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്, ബാധ്യതയുണ്ട് എന്നുപറയുന്നത് കുറ്റപ്പെടുത്തലൊന്നുമല്ല അധികാരം പിടിച്ചെടുക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടുള്ളതുമല്ല. മറിച്ച് ശബരിമലയിലെ ഇപ്രാവശ്യത്തെ തീർത്ഥാടനം അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ വിശ്വാസമുണ്ടോ ഇല്ലയോ എന്നതല്ല അവിടെ എത്തിച്ചേരുന്ന വിശ്വാസികൾക്ക് സർവ്വ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയെന്നുള്ളതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മിനിസ്റ്റർ കൺക്ലൂഡ് ചെയ്യൂ....

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: ഞാൻ കൺക്ലൂഡ് ചെയ്യാം. എനിക്ക് കൺക്ലൂഡ് ചെയ്യുന്നതിൽ പ്രയാസമില്ല. മകര ജ്യോതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞൊരു കാര്യമുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ദേവസ്വം ബോർഡും ഗവൺമെന്റും

രണ്ടുവഴിക്ക് പോകുന്നു, വ്യത്യസ്തമായ അഭിപ്രായങ്ങൾ പലതിനെക്കുറിച്ചും പറയുന്നുവെന്നാണ് ജനങ്ങളുടെ അഭിപ്രായം. പ്രത്യേകിച്ച് സീസൺ സമയത്ത് ഒരേ അഭിപ്രായത്തോടുകൂടി ഒറ്റ ചിന്തയോടുകൂടി പുറത്തുനിന്നും വരുന്ന മൂന്നുകോടിയിലധികം ഭക്തജനങ്ങളുടെ എല്ലാ താൽപ്പര്യങ്ങളും പരിഗണിച്ചുകൊണ്ട് മുൻപോട്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന ചിന്ത ഉണ്ടാക്കത്തക്കവിധത്തിൽ ഒരു മെസേജ് വരുത്താൻ ശ്രമിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ വഴങ്ങാതെ കൺക്ലൂഡ് ചെയ്യൂ. 20 മിനിട്ട് ആയി. മിനിസ്റ്റർ പ്ലീസ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ശബരിമലയിലെ കാര്യമായതുകൊണ്ടാണ് വഴങ്ങിക്കൊടുക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ശബരിമല. നാല് കോടിയോളം ഭക്തജനങ്ങൾ എത്തുന്ന തീർത്ഥാടന കേന്ദ്രമാണ്. അതിന്റേതായിട്ടുള്ള പ്രശ്നങ്ങൾ ഈ സഭയിൽ പറയാനുണ്ട്. അതുകൊണ്ടാണ് അൽപ്പം നീണ്ടുപോകുന്നത്. ഗവൺമെന്റും ദേവസ്വംബോർഡും തമ്മിൽ തർക്കമൊന്നുമില്ല. ഒരു യോഗത്തിൽ ദേവസ്വംബോർഡിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ച ചൂണ്ടിക്കാണിച്ചാൽ പിറ്റേ ദിവസം പത്രത്തിൽ വരുന്നതാണ് വാർത്തയെങ്കിൽ നമുക്കൊന്നും ചെയ്യാൻ സാധിക്കുകയില്ല. ഒരു തർക്കവുമില്ലായെന്ന്

പറഞ്ഞുകഴിഞ്ഞു. രണ്ടാമത്തെ കാര്യം 69 വർഷങ്ങൾക്കുമുൻപ് അവസാനിച്ചുപോയെന്ന് കരുതുന്നതാണ്. 69 വർഷമായി നടന്നുവരുന്ന രീതിയാണ് ഇപ്പോഴും തുടരുന്നത്. ആദിവാസികൾ അവരുടെ അഭിപ്രായം പറഞ്ഞിട്ടുണ്ടായിരുന്നു. ഗവൺമെന്റ് അത് പരിശോധിക്കുകയാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല. ഇപ്രാവശ്യത്തെ മണ്ഡല മകര വിളക്ക് മഹോത്സവം ഏത് കാലത്തെക്കാളും ഉജ്ജ്വലമായിട്ട് നടക്കും.

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർ, ചില ഉദ്യോഗസ്ഥന്മാർതന്നെ ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായിട്ട് അവിടെ ക്ലീൻ ചെയ്യാൻ തയ്യാറാണെന്നുപറഞ്ഞ ഓഫറിനെ ഗവൺമെന്റ് ഏത് നിലയ്ക്ക് കാണുന്നു. അതിനെ സ്വാഗതം ചെയ്യുമോ അംഗീകരിക്കുമോ എന്താണ് അതിന്റെ വസ്തുത? പത്രങ്ങളിൽ തെറ്റായ വാർത്ത വന്നിരുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> ഗവൺമെന്റിന്റെ ഉത്തരവാദിത്തത്തിൽ നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങളും ദേവസ്വംബോർഡിന്റെ ഉത്തരവാദിത്തത്തിൽ നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങളും ഉണ്ട്. ചില സന്നദ്ധ പ്രസ്ഥാനങ്ങളുടെ ഉദാഹരണത്തിന് അമൃതാനന്ദമയി മഠം പോലുള്ള സ്ഥാപനങ്ങളുടെ പേരിലുള്ള പ്രസ്ഥാനങ്ങൾ നടത്തുന്ന ശുചീകരണ

പ്രവർത്തനങ്ങളുണ്ട്. ഈ ശുചീകരണ പ്രവർത്തനങ്ങളെ ഒന്നിനെയും വിലക്കിയിട്ടില്ല. അത് നടത്താനുള്ള എല്ലാ സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ട്.